LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പുളിങ്കുന്ന് താലൂക്കാശുപത്രിയിൽ എൻ.ആർ.എച്ച്.എം. 2 കോടി 7 ലക്ഷം രൂപ മുതൽമുടക്കി വിമൻ പീഡിയാട്രിക് ബ്ലോക്ക്, 2012-ൽ ഉദ്ഘാടനം ചെയ്ത് പ്രവർത്തിച്ചു വരുന്നു.

എടത്വാ സി.എച്ച്.സി.യിൽ എൻ.ആർ.എച്ച്.എം. 27 ലക്ഷംരൂപ മുതൽ മുടക്കിൽ ഐ.പി. വാർഡും ലാബും പണികഴിപ്പിച്ച് പ്രവർത്തിച്ചുവരുന്നു.

ചമ്പക്കുളം സി.എച്ച്.സി.യിൽ എൻ.ആർ.എച്ച്.എം. 1 കോടി 35 ലക്ഷം രൂപ മുതൽമുടക്കി ഒ.പി.-കം-ഡയഗ്നോസ്റ്റിക് ബ്ലോക്ക് പണി പൂർത്തീകരിച്ച് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.

നീലംപേരൂർ പി.എച്ച്.സി.യുടെ കീഴിൽ 13 ലക്ഷം രൂപ മുതൽമുടക്കി ഈരയിൽ സബ്സെന്റർ പണി പൂർത്തീകരിച്ച് പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്.

ആലപ്പുഴ ജില്ലയിലെ വെള്ളത്താൽ ചുറ്റപ്പെട്ട ജനങ്ങൾക്ക് വൈദ്യ സഹായം എത്തിക്കുന്നതിനുവേണ്ടി എൻ.ആർ.എച്ച്.എം. ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ഫ്ലോട്ടിംഗ് ഡിസ്പെൻസറി.

സി.എച്ച്.പി. പദ്ധതിയിലുൾപ്പെടുത്തി പി.എച്ച്.സി. കാവാലത്തും സി.എച്ച്.സി. ചമ്പക്കുളത്തും ഓരോ ലാബിന്റെ പണി പൂർത്തിയാക്കിയിട്ടുണ്ട്. അടിസ്ഥാന സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. അതിന്റെ ഉദ്ഘാടനം ഉടൻതന്നെ നടത്തുന്നതാണ്.

(ബി) കാവാലം പി.എച്ച്.സി.-ക്ക് എൻ.ആർ.എച്ച്.എം. മുഖാന്തിരം കെട്ടിട നിർമ്മാണത്തിനുള്ള പ്രൊപ്പോസൽ ഒന്നുംതന്നെ സമർപ്പിച്ചിട്ടില്ല.

എൻ.ആർ.എച്ച്.എം. വഴി നടപ്പിലാക്കിയ പദ്ധതികൾ

22 (3453) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ.എച്ച്.ആർ.എം. മുഖേന 2014-15 വർഷം വയനാട് ജില്ലയിൽ നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികൾക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ട് ; എത്ര തുക ചെലവഴിച്ചിട്ടുണ്ട് ; താലൂക്ക് തല വിശദാംശം ലഭ്യമാക്കുമോ ;

(സി) നടപ്പു സാമ്പത്തികവർഷം ജില്ലയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമെന്നും അതിന്റെ ബഡ്ജറ്റ് എഡ്റ്റിമേറ്റ് എത്രയെന്നും ഇനം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ആർ.സി.എച്ച്., മെറ്റേണൽ ഹെൽത്ത്, ജനനി സുരക്ഷ യോജന, ജെ.എസ്.എസ്.കെ. (ജനനി ശിശു സുരക്ഷ കാര്യക്രം), ചൈൽഡ് ഹെൽത്ത്, ഫാമിലി പ്ലാനിംഗ്, രാഷ്ട്രീയ കിഷോർ സ്വാസ്ഥ്യ കാര്യക്രം, രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം, ടൈബൽ ആർ.സി.എച്ച്.

(ബി) വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(സി) നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളും ബഡ്ജറ്റ് എസ്റ്റിമേറ്റും താഴെ കൊടുക്കുന്നു:

ക്രമ നം.	നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ	ബഡ്ജറ്റ് എസ്റ്റിമേറ്റ് (ലക്ഷത്തിൽ)
1.	ആർ.സി.എച്ച്.	816.86
2.	മെറ്റേണൽ ഹെൽത്ത്	84.30
3.	ജനനി സുരക്ഷ യോജന	40.90
4.	ജനനി ശിശു സുരക്ഷ കാര്യക്രം	42.49
5.	ചൈൽഡ് ഹെൽത്ത്	5.83
6.	ഫാമിലി പ്ലാനിംഗ്	12.05
7.	ആർ.കെ.എസ്.കെ.	4.80
8.	ആർ.ബി.എസ്.കെ	21.97
9.	ടൈബൽ ആർ.സി.എച്ച്.	6.38
10.	ആയുഷ്	74.88
11.	ഐ.ഇ.സി.-ബി.സി.സി.	6.40
12.	മൊബൈൽ മെഡിക്കൽ യൂണിറ്റ്	3.12
13.	പെയിൻ &പാലിയേറ്റീവ്	22.27

സിക്കിൾസെൽ (37.55 ലക്ഷം), ന്യൂട്രീഷ്യൻ പ്രോഗ്രാം (1.05 കോടി), മാനസികാരോഗ്യ പദ്ധതി (71 ലക്ഷം) എന്നീ പദ്ധതികൾക്ക് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭിച്ചിട്ടില്ല

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.